# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 05** **website: [www.uoc.ac.in](http://www.uoc.ac.in)**

---

### ഓണററി ഡോക്ടറേറ്റ് ബിരുദദാന ചടങ്ങ് ഒക്ടോബർ 06-ന്

കാലിക്കറ്റ് സർവകലാശാലയുടെ ഓണററി ഡോക്ടറേറ്റ് ബിരുദദാന ചടങ്ങ് ഒക്ടോബർ 06-ന് നടത്താൻ തീരുമാനമായി. സിനിമാ സംവിധായകൻ സത്യൻ അന്തിക്കാട്, വ്യവസായ പ്രമുഖനായ പി.കെ. അഹമ്മദ് എന്നിവർക്ക് ഡിലിറ്റും പ്രശസ്ത ശാസ്ത്രജ്ഞനും നാഷ്ണൽ ചെയർ പ്രൊഫസറുമായ പത്മശ്രീ ഡോ. എലുവത്തിങ്ങൽ ഡേവിസ് ജെമ്മിസിന് ഡി.എസ്‌സി.യും നൽകും. രാവിലെ 10.30-ന് സർവകലാശാലാ ഓപ്പൺ ഓഡിറ്റോറിയത്തിലാണ് പരിപാടി. സർവകലാശാലാ ചാൻസിലറും കേരളാ ഗവർണറുമായ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, പ്രോ ചാൻസിലറും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായ റോജി എം. ജോൺ, ജില്ലാ കളക്ടർ തുടങ്ങിയവർ പങ്കെടുക്കും. ചടങ്ങിന്റെ നടത്തിപ്പിനായി വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ ചെയർമാനും പ്രോ വൈസ് ചാൻസിലർ ഡോ. പി. റഷീദ് അഹമ്മദ് വൈസ് ചെയർമാനും രജിസ്ട്രാർ ഡോ. സി.ഡി. സെബാസ്റ്റ്യൻ കൺവീനറുമായി സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ, അധ്യാപകർ, ജീവനക്കാർ മുതലായവർ അടങ്ങുന്ന സംഘാടക സമിതി രൂപീകരിച്ചു.

ചലച്ചിത്ര സംവിധായകൻ, തിരക്കഥാകൃത്ത്, ഗാനരചയിതാവ് തുടങ്ങിയ മേഖലകളിൽ പ്രശസ്തനായ സത്യൻ അന്തിക്കാട് തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് സ്വദേശിയാണ്. സ്കൂൾ വിദ്യാർഥിയായിരിക്കെ തന്നെ സാഹിത്യരചനകൾ തുടങ്ങിയ സത്യൻ അന്തിക്കാട് അമ്പത് വർഷത്തിലധികമായി മലയാള സിനിമാരംഗത്തുണ്ട്. ഒരു ദേശീയ അവാർഡും അഞ്ച് സംസ്ഥാന അവാർഡുകളും ഇതിനകം ലഭിച്ചു. ഉരുക്ക് വ്യവസായരംഗത്തെ പ്രമുഖ കമ്പനിയായ പി.കെ. ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ ചെയർമാനാണ് പി.കെ. അഹമ്മദ്. കോഴിക്കോട് ജില്ലയിലെ മൂടാടിയാണ് സ്വദേശം. വ്യവസായ പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ച അദ്ദേഹം പി.കെ. ഗ്രൂപ്പിനെ ആഗോള ബ്രാൻഡാക്കി വളർത്തിയതിന് പിന്നിലെ കരുത്താണ്. വിദ്യാഭ്യാസ - സാംസ്കാരിക രംഗങ്ങളിലും ആരോഗ്യമേഖലയിലും ഇദ്ദേഹത്തിന്റെ സംഭാവനകളുണ്ട്. തിരുവനന്തപുരം ഐസറിന്റെ സ്ഥാപക ഡയറക്ടറും അപ്ലൈഡ് തിയററ്റിക്കൽ കെമിസ്ട്രി പ്രൊഫസറുമായ ഡോ. ഇ.ഡി. ജെമ്മിസ് കാലിക്കറ്റ് സർവകലാശാലക്ക് കീഴിലുള്ള തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർഥി കൂടിയാണ്. കാൺപൂർ ഐ.ഐ.ടി., യു.എസിലെ പ്രിൻസ്റ്റൺ സർവകലാശാല എന്നിവിടങ്ങളിലായിരുന്നു ഉന്നതവിദ്യാഭ്യാസം. പത്മശ്രീ പുരസ്കാര ജേതാവായ ഇദ്ദേഹം ഇന്ത്യൻ നാഷ്ണൽ സയൻസ് അക്കാദമിയുടെ യങ് സയന്റിസ്റ്റ് പുരസ്കാരം, ശാന്തിസ്വരൂപ് ഭട്നഗർ എന്നിവ ഉൾപ്പെടെ നിരവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

***പി.ആർ. 1259/2026***

**കാലിക്കറ്റിൽ ഓൺലൈൻ ബി.കോം.:**
**അംഗീകാരം ലഭിച്ചു**

കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷന് (സി.ഡി.ഒ.ഇ.) 2026 - 27 അധ്യയന വർഷത്തെ ഓൺലൈൻ ബി.കോം. പ്രോഗ്രാം (2026 ആഗസ്റ്റ് സെഷൻ) ആരംഭിക്കാൻ യു.ജി.സി. എന്റൈറ്റിൽഡ് കാറ്റഗറി പ്രകാരം അംഗീകാരം ലഭിച്ചു. ജോലി ചെയ്യുന്നവർക്കും സ്വദേശത്തും വിദേശത്തുമുള്ള വിദ്യാർത്ഥികൾക്കും പ്രവേശനം നേടാം. വിശദ വിവരങ്ങൾക്ക് ഫോൺ : 0494 2407356, 2660600. ഇ - മെയിൽ : cdoeonline@uoc.ac.in . വെബ്സൈറ്റ് : https://cdoe.uoc.ac.in .

***പി.ആർ. 1260/2026***

**ഓൺലൈൻ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക്**
**സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം**

കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷനിലെ (സി.ഡി.ഒ.ഇ.) 2026 - 27 അധ്യയന വർഷത്തെ (2026 ആഗസ്റ്റ് സെഷൻ) ഓൺലൈൻ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിക്ക് പിഴ കൂടാതെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി സെപ്റ്റംബർ 25 വരേയ്ക്ക് നീട്ടി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0494 2407356, 2660600 (സുവേഗ). ഇ - മെയിൽ : cdoeonline@uoc.ac.in . വെബ്സൈറ്റ് : https://cdoe.uoc.ac.in .

***പി.ആർ. 1261/2026***

**മലപ്പുറം സി.സി.എസ്.ഐ.ടിയിൽ**
**സ്പോട്ട് അഡ്മിഷൻ**

മലപ്പുറം പടിഞ്ഞാറ്റുമുറിയിലുള്ള കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ ( സി.സി.എസ്.ഐ.ടി. ) ബി.സി.എ. ബി.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ( എ.ഐ. ), എം.സി.എ. പ്രോഗ്രാമുകൾക്ക് സ്പോട്ട് അഡ്മിഷൻ നേടാം. പ്രവേശനം ആഗ്രഹിക്കുന്നവർ ആവശ്യമായ അസൽ രേഖകൾ സഹിതം സെപ്റ്റംബർ 07-ന് സെന്ററിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് ഫോൺ : 9995450927, 9539682200.

***പി.ആർ. 1262/2026***

**പരീക്ഷാ തീയതിയിൽ മാറ്റം**

സെപ്റ്റംബർ 09-ന് (ബുധൻ) നടത്താനിരുന്ന രണ്ടാം സെമസ്റ്റർ (2022 പ്രവേശനം മുതൽ) എം.എഡ്. “ MED 07 - Curriculum Development and Transaction ” പേപ്പർ ജൂലൈ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷ സെപ്റ്റംബർ 14-ന് (തിങ്കൾ) നടത്തും. സമയം ഉച്ചക്ക് 01.30 മുതൽ വൈകിട്ട് 04.30 വരെ. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

***പി.ആർ. 1263/2026***

**പുനർമൂല്യനിർണയം / സൂക്ഷ്മപരിശോധനാ**
**അപേക്ഷ**

നാലു വർഷ ബിരുദ പ്രോഗ്രാം ( എഫ്.വൈ.യു.ജി.പി. ) രണ്ടാം സെമസ്റ്റർ ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെയും രണ്ടാം സെമസ്റ്റർ ഏപ്രിൽ 2025 ഡെഫിഷ്യൻസി പരീക്ഷയുടെയും പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധനാ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി സെപ്റ്റംബർ 18 വരേയ്ക്ക് നീട്ടി.

***പി.ആർ. 1264/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പരീക്ഷാഫലം**

നാലാം സെമസ്റ്റർ എം.ബി.എ. ( സി.യു.സി.എസ്.എസ്. - ഫുൾ ടൈം ആന്റ് പാർട്ട് ടൈം ) (2016 സ്കീം - 2020 പ്രവേശനം) സെപ്റ്റംബർ 2025 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1265/2026***

**പുനർമൂല്യനിർണയഫലം**

എട്ടാം സെമസ്റ്റർ ബി.ടെക്. ( 2014 സ്കീം - 2017 പ്രവേശനം ) ഏപ്രിൽ 2023, ( 2014 സ്കീം - 2014, 2015 പ്രവേശനം ) ഏപ്രിൽ 2022, ( 2019 സ്കീം - 2022 പ്രവേശനം ) ഏപ്രിൽ 2026, ( 2019 സ്കീം- 2021 പ്രവേശനം ) നവംബർ 2025 പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1266/2026***